പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1872 | 11.02.2013 ൽ മറുപടിയ്ക്ക് |
|---|---|
| **കോഴിക്കോട് ജില്ലയിൽ ആർ. ഐ. ഡി. എഫ് പദ്ധതിയിൽ നിർമ്മിക്കുന്ന അംഗനവാടി കെട്ടിടങ്ങൾ** | |
| ചോദ്യം | ഉത്തരം |
| ശ്രീ. എ. കെ. ശശീന്ദ്രൻ | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും<br>വകുപ്പു മന്ത്രി) |
| (എ) സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ നബാർഡിന്റെ സഹായത്തോടെ ആർ.ഐ.ഡി. എഫ് (റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട്) സ്കീമിൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിൽ എത്ര അംഗനവാടികൾക്ക് കെട്ടിടം നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ;<br><br>(ബി) കോഴിക്കോട് ജില്ലയിലെ എലത്തൂർ നിയോജകമണ്ഡലത്തിൽ എത്ര അംഗനവാടികൾക്ക് കെട്ടിടം നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അവയുടെ പേര് വിവരം സഹിതം വ്യക്തമാക്കുമോ? | (എ) & (ബി)<br>സാമൂഹ്യനീതി വകുപ്പിൽ നബാർഡ് - ആർ.ഐ.ഡി.എഫ് സ്കീം പ്രകാരം സ്വന്തമായി കെട്ടിടം നിർമ്മിക്കുക കാലപഴക്കം കൊണ്ട് പൊളിഞ്ഞുവീഴാറായവ പുനർനിർമ്മിക്കുക എന്നിങ്ങനെ 700 അംഗൻവാടികളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ബന്ധപ്പെട്ട എസ്.എൽ.ഇ.സിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്.<br>ഒരോ അംഗൻവാടിക്കും ഉള്ള സ്ഥലത്തിന്റെ ഉടമസ്ഥത തെളിയിക്കുന്ന സാക്ഷ്യപത്രം, പഞ്ചായത്തിന്റെ തീരുമാനം, കെട്ടിടത്തിന്റെ പ്ളാനും, എസ്റ്റിമേറ്റും (2012-ലെ പൊതുമരാമത്ത് വകുപ്പ് SOR പ്രകാരം), പണിയുടെ സമയക്രമം എന്നിവ ഉൾപ്പെടുത്തികൊണ്ടുള്ള റിപ്പോർട്ട് സഹിതം പ്രോഗ്രാം ഓഫീസർമാർമാരുടെ പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമെ ബന്ധപ്പെട്ട എം.എൽ.എ മുഖേന ശുപാർശ ചെയ്യപ്പെട്ട ഏതൊക്കെ അംഗൻവാടികളെയാണ് തെരഞ്ഞെടുക്കപ്പെടാവുന്നതെന്ന വിവരം ലഭ്യമാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ